**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5684** **08-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കോട്-എട്ടിക്കുളം റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച വെങ്ങര ആർ.ഒ.ബി. (Rail Over Bridge)യുടെ രണ്ടാം ഘട്ടത്തിൽ വരുന്ന പാലക്കോട്-എട്ടിക്കുളം റോഡിന്റെ നിലവിലെ അവസ്ഥയെന്താണെന്ന വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച വേങ്ങര ആർ.ഒ.ബിക്ക് പുറമെ മാടായി – എട്ടിക്കുളം റോഡിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ ലഭിച്ച വിശദ പദ്ധതി റിപ്പോർട്ടിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ്ഫണ്ട് ബോർഡിന്റെ അഭിപ്രായത്തിനായി കിഫ്ബി നൽകിയിട്ടുണ്ട്. ആയതിന്മേൽ മറുപടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ധനാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ; | (ബി) | കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വിശദ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തൃപ്തികരമാണെങ്കിൽ മാത്രമേ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും കാര്യക്ഷമമാക്കാനും നിർദിഷ്ട SPV കൾക്ക് കിഫ്ബി സാങ്കേതിക സഹായം നൽകി വരുന്നു. |
| (സി) | ഒറ്റപ്രവൃത്തിയായി കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃർത്തി രണ്ട് ഘട്ടങ്ങളിലായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാനുണ്ടായ കാരണമെന്താണെന്ന് വിശദമാക്കാമോ; രണ്ടാം ഘട്ടത്തിൽ വരുന്ന പാലക്കോട്-എട്ടിക്കുളം റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ കാലതാമസം വന്നതെന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ? | (സി) | പദ്ധതി നിർവഹണ ഏജൻസി പദ്ധതി രൂപരേഖ തയാറാക്കി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ